(ഡി) കാലപ്പഴക്കം മൂലമാണ് ഷട്ടർ കേടായതെന്നാണ് പ്രാഥമിക നിഗമനം. ആരുടെ പേരിലും നടപടിയെടുത്തിട്ടില്ല.

(ഇ) കേടായ ഷട്ടറിന്റെ സ്ഥാനത്ത് ബദൽ ഷട്ടർ സ്ഥാപിച്ച് വെള്ളം സംഭരിച്ചുവരുന്നു.

കുറ്റ്യാടി ജലസേചന പദ്ധതി

102 (552) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കൈക്കനാലുകളും മറ്റും കാലപ്പഴക്കം ചെന്നതിന്റെ ഫലമായി പല അക്വഡക്റ്റുകളും കോൺക്രീറ്റ് സ്ലാബുകളും തകർച്ചയുടെ വക്കിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. കുറ്റ്യാടി പദ്ധതിയുടെ നവീകരണത്തിനായി മലബാർ ഇറിഗേഷൻ പാക്കേജിൽ രണ്ടാം ഘട്ടമായി പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെറുപുഴ ചെക്ക്ഡാമിന് സാങ്കേതികാനുമതി

103 (553) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ കണ്ണൂർ ജില്ലയിൽപ്പെട്ട ചെറുപുഴ 'Ventel Check Dam-cum-Tractorway' നിർമ്മാണത്തിനായി ഡിസൈൻ, ഡീറ്റയിൽഡ് എസ്റ്റിമേറ്റ്സ് എന്നിവ പൂർത്തീകരിക്കുകയും ഇതിനാവശ്യമായ ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടും സാങ്കേതികാനുമതി നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡത്തിലെ ചെറുപുഴ ചെക്ക്ഡാമിന്റെ നിർമ്മാണം നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഏറ്റെടുക്കുന്നതിനായി ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നബാർഡിന്റെ RIDF XIII-ൽ അംഗീകരിക്കപ്പെട്ടതാണ്. എന്നാൽ, സ്ഥലപരിശോധന നടത്തി ഡിസൈൻ തയ്യാറാക്കുന്നതിനായി കാലതാമസം നേരിട്ടതിനാൽ നബാർഡിന്റെ RIDF XIII-ൽ ഏറ്റെടുക്കുവാൻ സാധിച്ചില്ല. തുടർന്ന് RIDF XVI-ൽ ഈ പദ്ധതി ഏറ്റെടുക്കുവാൻ കഴിയുമോ എന്നകാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവൃത്തികൾ

104 (554) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly